DESPATCHED On...9/5/22...



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 159(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 2635/SIC-G4/2022)

ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 മേയ് 5

ശ്രീ. ബിജു കെ.സി.,
കുഴിമറ്റത്തിൽ വീട്,
അടൂപ്പറമ്പ് പി.ഒ.,
മൂവാറ്റുപുഴ – 686 661.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
ആവോലി ഗ്രാമപഞ്ചായത്ത് ആഫീസ്,
ആവോലി പി.ഒ., മൂവാറ്റുപുഴ (വഴി),
എറണാകുളം – 686 670.

2) അപ്പീൽ അധികാരി &
പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ,
പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ-6,
പായിപ്ര, എറണാകുളം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 06/08/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 31/08/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | – |
| മറുപടി ലഭ്യമാക്കിയ തീയതി | 12/11/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 08/02/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 10/02/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 21/02/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 05/03/2022 |
| ഹിയറിംഗ് നടന്ന തീയതി | 04/05/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ബിജു കെ.സി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ശ്രീ. പി.കെ. ശശീന്ദ്രൻ എന്നയാളുടെ പേരിലുള്ള 13/294ബി എന്ന കെട്ടിടത്തിന് പുതിയ ലൈസൻസ് കൊടുത്തതുമായി ബന്ധപ്പെട്ട് ഹർജിക്കാരൻ

വിവരാവകാശ നിയമപ്രകാരം ഒന്നാം എതിർകക്ഷി മുമ്പാകെ 44 ഇനങ്ങളിലായി സമർപ്പിച്ച അപേക്ഷയിലെ 17, 18, 19, 20 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരം നൽകണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 06.08.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളും സാക്ഷ്യപ്പെടുത്തിയ പകർപ്പും നൽകണമെന്നാണ്:

1) ആവോലി പഞ്ചായത്തിൽ 13-ാം വാർഡിൽ ശ്രീ. പി.കെ. ശശീന്ദ്രൻ പുത്തൻപുരയ്ക്കൽ എന്നയാളുടെ പേരിൽ 13/294 ബി എന്ന കെട്ടിടം നിലവിലുണ്ടോ എന്നും
2) ഉണ്ടെങ്കിൽ ടി കെട്ടിടത്തിൽ എന്തെങ്കിലും പ്രവർത്തിക്കുന്നതിന് ലൈസൻസ് കൊടുത്തിട്ടുണ്ടോ എന്നും
3) ഉണ്ടെങ്കിൽ അത് വ്യവസായത്തിനാണോ വാണിജ്യ ആവശ്യത്തിനാണോ കൊടുത്തിരിക്കുന്നതെന്നും
4) കൊടുത്തിരിക്കുന്ന ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഇതുമായി ബന്ധപ്പെട്ട് മറ്റെന്തെങ്കിലും ഉണ്ടെങ്കിൽ അതിന്റെയും പകർപ്പ് നൽകണമെന്നും മറ്റുമായി 44 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 31.08.2021 തീയതി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടിക്കെതിരെ ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിലെ 12, 18, 19, 20, 21, 22, 23, 24, 26, 27, 28, 29, 32, 33, 34, 40 41, 42, 43 എന്നീ ഇനങ്ങൾക്ക് വ്യക്തമായ ഉത്തരം ലഭിക്കണമെന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി 12.11.2021 തീയതി രണ്ടാം എതിർകക്ഷി പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൽ 44 വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും ലഭിച്ച വിവരങ്ങളിൽ ക്രമനമ്പർ 18, 19, 20, 22, 23, 24, 26, 27, 28, 29, 32, 33, 34, 40 41, 42, 43 എന്നിവ പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ തൃപ്തികരമല്ലെന്നാണ് അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചിട്ടുള്ളതെന്നും ആയതുപ്രകാരം അപ്പീൽ ഹർജിക്കാരനേയും എസ്.പി.ഐ.ഒ.യേയും 17.11.2021 തീയതി നേരിൽ കേട്ടതിന്റെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അപ്പീൽ ഹർജിക്കാരന് മേൽപ്പടി ക്രമനമ്പർ പ്രകാരം ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും വ്യക്തമായ മറുപടിയും ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനുള്ളിൽ അപ്പീൽ ഹർജിക്കാരന് സൗജന്യമായി നൽകുന്നതിന് ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിച്ച് അപ്പീൽ തീർപ്പാക്കുന്നു എന്നാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. ബിജു കെ.സി. 06.08.2021 തീയതി ആവോലി ഗ്രാമപഞ്ചായത്തിൽ

സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ സുദീർഘമായ 44 ചോദ്യങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു എന്നും ടി അപേക്ഷയ്ക്കുള്ള മറുപടി 3.9.2021 തീയതി അപേക്ഷകന് അയച്ചു നൽകിയിട്ടുള്ളതാണെന്നും ആയതിന്മേൽ ടിയാൻ ഒന്നാം അപ്പീൽ അധികാരിയായ എറണാകുളം ജില്ലാ പെർഫോമൻസ് ആഡിറ്റ് യൂണിറ്റ്-6 സൂപ്പർവൈസർ മുമ്പാകെ അപ്പീൽ സമർപ്പിക്കുകയും ഒന്നാം അപ്പീൽ അധികാരിയുടെ 12.11.2021 തീയതിയായുള്ള പി.എ.യു6-ഇകെ.എം/എ.പി1/2021-54/കെ.ഡിസ് നടപടി ക്രമങ്ങളിൽ നിർദ്ദേശിച്ച പ്രകാരം അപേക്ഷകന് മറുപടി തയ്യാറാക്കി 6.12.2021 തീയതി നേരിട്ട് നൽകിയിട്ടുള്ളതുമാണെന്നും ടിയാന്റെ അപേക്ഷയിലെ 17, 18, 19, 20 എന്നീ ക്രമനമ്പർ ചോദ്യങ്ങൾക്ക് നൽകിയ മറുപടിയിലാണ് രണ്ടാം അപ്പീലിൽ ആക്ഷേപം ഉന്നയിച്ചിട്ടുള്ളതെന്നും എന്നാൽ ഒന്നാം അപ്പീൽ അധികാരിയുടെ 12.11.2021 തീയതിയിലെ നടപടിക്രമങ്ങളിൽ അപേക്ഷകൻ ആവശ്യപ്പെട്ട വിവരമല്ല നൽകിയത് എന്ന് നിരീക്ഷിച്ചതിനാൽ മറുപടി തിരുത്തി നൽകിയിട്ടുള്ളതാണെന്നും പരാതിക്കാസ്പദമായ 3.9.2021-ലെ അപേക്ഷയ്ക്ക് മുമ്പായി പരാതിക്കാരനായ ശ്രീ. ബിജു 23.7.2021-ന് വിവരാവകാശ നിയമ പ്രകാരമുള്ള മറ്റൊരു അപേക്ഷ പഞ്ചായത്തിൽ നൽകിയിരുന്നു എന്നും ആയതിന് ഒന്നാം അപ്പീൽ അധികാരിയായ എറണാകുളം ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ മുമ്പാകെ സമർപ്പിച്ചിരുന്ന അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച 14.9.2021 തീയതിയായുള്ള എ.ഡി.പി./ഇ.കെ.എം/244/2021-പി.എ1 നമ്പർ നടപടിക്രമത്തിൽ പരാതിക്കാരന് രേഖകൾ നേരിട്ട് പരിശോധിയ്ക്കുന്നതിനും ആവശ്യമായ പകർപ്പുകൾ സൗജന്യമായി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചിരുന്നു എന്നും ആയതിന്റെ അടിസ്ഥാനത്തിൽ അറിയിപ്പ് നൽകിയതിനെ തുടർന്ന് ശ്രീ. ബിജു 22.11.2021 തീയതി പഞ്ചായത്ത് ആഫീസിൽ നേരിട്ട് ഹാജരാകുകയും, 13/294-ബി കെട്ടിടം സംബന്ധിച്ച് രേഖകൾ ഉൾപ്പെടുന്ന മുഴുവൻ ഫയലുകളും ടിയാന് പരിശോധനക്കായി നൽകുകയും ചെയ്തിട്ടുള്ളതുമാണെന്നും ആയത് പരിശോധിച്ച ശേഷം പരാതിക്കാരൻ ആവശ്യപ്പെട്ട മുഴുവൻ രേഖകളുടെയും പകർപ്പുകൾ സൗജന്യമായി നൽകിയിട്ടുള്ളതും ആയത് ടിയാൻ കൈപ്പറ്റിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ 44 ഇനങ്ങളിലായി നൽകിയ ബൃഹത്തായ വിവരാവകാശ അപേക്ഷയ്ക്ക് ഖണ്ഡിക തിരിച്ചുള്ള മറുപടി എതിർകക്ഷികൾ നൽകിയിട്ടുള്ളതായി കാണുന്നതിനാൽ മറുപടി നൽകുന്നതിൽ മന:പൂർവ്വമോ ബോധപൂർവ്വമോ ആയ വീഴ്ച എതിർകക്ഷികൾ വരുത്തിയതായി കാണുന്നില്ല. മാത്രമല്ല 2021 നവംബർ 22-ന് ബന്ധപ്പെട്ട ഫയൽ ഹർജിക്കാരൻ നേരിട്ട് പരിശോധിച്ചിട്ടുള്ളതുമാണ് എന്ന് കമ്മീഷന് ബോധ്യമാകുന്നു. ആയതിനാൽ ടി പരിശോധനയ്ക്ക് ശേഷം വല്ല രേഖകളും ടി ഫയലിൽ പുതുതായി കൂട്ടിചേർത്തിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ഹർജിക്കാരന് സൗജന്യമായി ഒന്നാം

എതിർകക്ഷി നൽകണമെന്നും, ടി ഫയലിൽ തുടർന്നും വല്ല പുതിയ രേഖകളും കൂട്ടി ചേർക്കുകയും ആയതിന്റെ പകർപ്പ് ഹർജിക്കാരന് ആവശ്യമായി വരികയുമാണെങ്കിൽ, ആയതിന് ഹർജിക്കാരൻ പുതിയ വിവരാവകാശ അപേക്ഷ നൽകേണ്ടതും, അപ്രകാരം അപേക്ഷ സമർപ്പിച്ചാൽ ഇക്കാര്യത്തിൽ കോടതി കേസ് നിലനിൽക്കുന്ന സാഹചര്യത്തിൽ, ആയതിന്റെ ആവശ്യത്തിലേക്കായി ഹർജിക്കാരൻ ആവശ്യപ്പെടുന്ന രേഖകളുടെ പകർപ്പുകൾ അപ്പീൽ അധികാരിയുടെ നിർദ്ദേശത്തിന് കാത്ത് നിൽക്കാതെ സമയബന്ധിതമായി നൽകേണ്ടതാണെന്നും കമ്മീഷൻ ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മേയ് 5–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM